**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - അറബിക്, ഉറുദ്ദു അധ്യാപക യോഗ്യതാ പരീക്ഷാ കോഴ്സുകളിൽ ടീച്ചിംഗ് പ്രാക്ടീസ് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

സ.ഉ(എം.എസ്) നം.159/2015/പൊവിവ　　　　തീയതി, തിരുവനന്തപുരം, 12.06.2015

---

പരാമർശം: 1. സ.ഉ.(എം.എസ്) നം.216/2011/പൊവിവ തീയതി 28.10.2011
2. സ.ഉ.(എം.എസ്) നം. 234/2013/പൊവിവ തീയതി 19.08.2013
3. എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ 28/08/2014 ലെ പ്രോഗ്രാം 1/1487/2014/എസ്.സി.ഇ ആർ.ടി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എൽ.പി./യു.പി. വിഭാഗങ്ങളിലെ അറബിക്, ഉറുദ്ദു, സംസ്കൃതം, ഭാഷാദ്ധ്യാപക തസ്തികകളിലേക്ക് പരീക്ഷാ കമ്മീഷണർ നടത്തിയിരുന്ന അറബിക്/സംസ്കൃതം/ഉറുദ്ദു യോഗ്യതാ പരീക്ഷകൾ നിറുത്തലാക്കിയ നടപടി റദ്ദുചെയ്ത് ടി പരീക്ഷ തുടർന്നു നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കുകയുണ്ടായി.

പരാമർശം (2) പ്രകാരം എൽ.പി/യു.പി. അറബിക്/സംസ്കൃതം/ഉറുദ്ദു അദ്ധ്യാപക തസ്തികകളിലേയ്ക്ക് പരീക്ഷാഭവൻ നടത്തിയിരുന്ന അറബിക്/സംസ്കൃതം/ഉറുദ്ദു യോഗ്യതാപരീക്ഷകളുടെ പുതുക്കിയ സിലബസ് അംഗീകരിച്ച് ഉത്തരവായിരുന്നു.

അറബിക്/ഉറുദ്ദു അധ്യാപക പരീക്ഷ കോഴ്സിനെക്കുറിച്ച് കരിക്കുലം സബ് കമ്മിറ്റി പരിശോധിക്കുകയും തുടർന്ന് അറബിക്/ഉറുദ്ദു അധ്യാപക പരീക്ഷയ്ക്ക് 2015-16 അക്കാദമിക വർഷം മുതൽ ടീച്ചിംഗ് പ്രാക്ടീസ് ഉൾപ്പെടുത്തി ഉത്തരവാകണമെന്ന് സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറബിക്,ഉറുദ്ദു അധ്യാപക യോഗ്യതാപരീക്ഷകൾക്കുള്ള കോഴ്സുകളിൽ ടീച്ചിംഗ് പ്രാക്ടീസ് കൂടി ഉൾപ്പെടുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി. പത്മകുമാർ**
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ഡയറക്ടർ,സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്,തിരുവനന്തപുരം
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)
ഡയറക്ടർ, ഐ &പി.ആർ.ഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

**സെക്ഷൻഓഫീസർ**